# DIOCESE OF MANDYA

Bishop's House, Kalenahalli P. O, Mandya
Karnataka State, India 571 402

Mar Antony Kariyil
Bishop of Mandya

Email: antonykariyilcmi@gmail.com
www.mandyadiocese.org

## ഇടയലേഖനം

മിശിഹായിൽ പ്രിയ വൈദികരെ, സമർപ്പിതരെ, മാതാപിതാക്കളെ, യുവതീ യുവാക്കളെ, വാത്സല്യ കുഞ്ഞുമക്കളെ,

**മണ്ഡ്യ ബിഷപ്പ് ഹൗസിൽ നിന്നും നിങ്ങൾക്കെല്ലാവർക്കും സ്നേഹാശംസകൾ!**

നമ്മുടെ വിശ്വാസത്തിന്റെ മർമ്മപ്രധാനമായ യേശുവിന്റെ ഉത്ഥാനം ആഘോഷിക്കുന്നതിനു വേണ്ടി തപസിന്റെയും പ്രായശ്ചിത്തത്തിന്റെയും പാതയിലൂടെ ഈ നോമ്പുകാലത്തു നാം സഞ്ചരിച്ചുകൊണ്ടിരിക്കുകയാണല്ലോ. മണ്ഡ്യ ബിഷപ്പ്സ് ഹൗസ് ക്യാംപസിൽ ഇപ്പോൾ പണിതുകൊണ്ടിരിക്കുന്ന മൈനർ സെമിനാരിയുമായി ബന്ധപ്പെട്ടാണു ഈ കത്ത്.

വൈദിക പരിശീലനം തിരുസഭയുടെ ഒരവശ്യ ഘടകമാണെന്ന് എല്ലാവർക്കും അറിയാവുന്നതാണല്ലോ. താൻ തെരഞ്ഞെടുത്ത ശിഷ്യരെ പരിശീലനം കൊടുത്ത ശേഷമാണ് സാക്ഷ്യ ധർമ്മത്തിനായി യേശു പറഞ്ഞുവിടുന്നത്. ഒന്നും പിടിച്ചു നിർത്താനോ താങ്ങിനിർത്താനോ ശീലിച്ചിട്ടില്ലാത്ത പത്രോസ് ശ്ലീഹായേയും, ഇന്നിന്റെ ഭാഷയിൽ പറഞ്ഞാൽ യേശു പ്രസിഡന്റായി രാജ്യം ഭരിക്കുമ്പോൾ പ്രധാനമന്ത്രി സ്ഥാനവും ഉപപ്രധാനമന്ത്രി സ്ഥാനവും അന്വേഷിച്ചു വന്ന സെബദി പുത്രന്മാരായ യാക്കോബ്, യോഹന്നാൻ ശ്ലീഹൻമാരേയും, ക്രിസ്തുവിന്റെ ഉത്ഥാനം ചോദ്യം ചെയ്ത ആദ്യത്തെ ചരിത്രപുരുഷനായ തോമാശ്ലീഹായേയും ഇതുപോലെ അവിവേകത്തോടെ പ്രവർത്തിച്ചിരുന്ന മറ്റു ശിഷ്യരേയും " രോഗികളെ സുഖപ്പെടുത്തുവിൻ, ദൈവരാജ്യം സമീപിച്ചിരിക്കുന്നുവെന്നു അവരോടു പറയുകയും ചെയ്യുവിൻ" (ലൂക്ക 10:9) എന്ന ആഹ്വാനത്തോടുകൂടി യേശു അയക്കുന്നതു വേണ്ടവിധം അവരെ പരിശീലിപ്പിച്ച ശേഷമാണ്. യേശുവിൽ നിന്നു സ്വീകരിച്ച പരിശീലനത്തിന്റെ വെളിച്ചത്തിലാണു തങ്ങളുടെ ദൗത്യനിർവ്വഹണത്തിൽ ശിഷ്യർക്ക് വിജയം കൈവരിക്കാൻ സാധിച്ചതും.

യേശു നൽകിയതുപോലെയുള്ള പരിശീലനം വൈദികാർത്ഥികൾക്കു നൽകുന്നതു സഭ ഏറ്റം പ്രാധാന്യമർഹിക്കുന്ന ദൗത്യമായി ഏറ്റെടുത്തിരിക്കുകയാണ്. ഈ പരിശീലനമാണ് സെമിനാരിയിൽ നടക്കുന്നത്. ദീർഘമായ ഒരു പരിശീലനമാണത്. രൂപതയിലേയ്ക്കു കടന്നുവരുന്ന ഒരു വൈദികാർത്ഥിക്കു പ്രാരംഭ പരിശീലനം കൊടുക്കുന്നതു മൈനർ സെമിനാരിയിലാണ്. ഈ കാലയളവിൽ പൗരോഹിത്യ ജീവിതത്തെക്കുറിച്ചു വ്യക്തമായ ധാരണ ഉണ്ടാകത്തക്ക രീതിയിൽ ഒരു വർഷം പരിശീലിപ്പിച്ച ശേഷം അവരെ പ്ലസ് ടു പഠനത്തിനയക്കുന്നു. തുടർന്ന് മേജർ സെമിനാരിയിലുള്ള പഠനമാണ്. മൂന്നു വർഷം ഫിലോസഫി, നാലു വർഷം തിയോളജി, ഇതിനിടയിൽ റീജൻസി എന്ന പേരിൽ അറിയപ്പെടുന്ന പ്രായോഗിക പരിശീലനവുമുണ്ട്. സാധിക്കുമെങ്കിൽ പട്ടമേൽക്കുന്നതിനു മുമ്പു തന്നെ ഡിഗ്രി പഠനവും നടത്തുന്നു.

മംഗലപ്പുഴ, വടവാതൂർ, കുന്നോത്ത്, തൃശൂർ തുടങ്ങിയ സ്ഥലങ്ങളിലുള്ള മേജർ സെമിനാരികൾ സഭ പൊതുവായി നടത്തുന്ന വൈദിക പരിശീലന സ്ഥാപനങ്ങളാണ്. മൈനർ സെമിനാരികൾ ഓരോ രൂപതയിലുമാണ് നടത്തപ്പെടുന്നത്. നമുക്ക് സ്വന്തമായ മൈനർ സെമിനാരി ഇപ്പോൾ ഇല്ലാത്തതുകൊണ്ട് തലശ്ശേരി, മാനന്തവാടി, താമരശ്ശേരി, ബൽത്തങ്ങാടി എന്നീ രൂപതകളിലുള്ള മൈനർ സെമിനാരികളിലാണു വൈദിക വിദ്യാർത്ഥികൾ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ നമ്മുടെ രൂപതയുടേതായി 10 പേർ മേജർ സെമിനാരികളിലും 15 പേർ മൈനർ സെമിനാരികളിലുമുണ്ട്. ഒരു വൈദിക വിദ്യാർത്ഥി മണ്ഡ്യയിലെ ഹൊന്നമനക്കട്ടെ എന്ന മിഷൻ സ്റ്റേഷനിൽ റീജൻസി ചെയ്യുന്നു. നമ്മുടെ രൂപതക്കുവേണ്ടി നൂറോളം വൈദികർ ജോലി ചെയ്യുന്നുണ്ടെങ്കിലും, രൂപതയുടേതായ വൈദികർ ഇപ്പോൾ എട്ടുപേർ മാത്രമേയുള്ളു. ഈ സാഹചര്യത്തിൽ പട്ടമേൽക്കുന്നതിനു മുമ്പുള്ള ഡിഗ്രി പഠനം നമ്മുടെ രൂപതയിൽ ആരംഭിച്ചിട്ടില്ല.

നമ്മുടേതായ മൈനർസെമിനാരിയിലെ പരിശീലനത്തിലൂടെ മാത്രമേ, നമ്മുടെ രൂപതയെക്കുറിച്ചുള്ള വ്യക്തമായ അറിവും രൂപതയിൽ ജോലി ചെയ്യേണ്ട വൈദിക വിദ്യാർത്ഥികൾ തമ്മിൽ പരസ്പര ധാരണയും കൂട്ടായ്മയും വളർത്തിയെടുക്കാൻ കഴിയുകയുള്ളൂ. സമർപ്പണ ജീവിതത്തിന്റെ പിള്ളത്തൊട്ടിലാണ് മൈനർ സെമിനാരി. തങ്ങളുടെ വിളിയെക്കുറിച്ച് വ്യക്തവും കൃത്യവുമായ ബോധ്യം രൂപപ്പെടുത്തിയെടുക്കേണ്ട സ്ഥലം. ക്രിസ്തു ശിഷ്യർ സ്വന്തമാക്കിയ ദൈവാനുഭവവും വിശ്വാസതീക്ഷ്ണതയും വളർത്തിയെടുക്കേണ്ട ഈ പരിശീലന കാലഘട്ടം പാറമേൽ അടിസ്ഥാനമിട്ട് ഭവനം പണിയുന്നതിനു തുല്യമാണ്. ഈ പശ്ചാത്തലത്തിലാണ് മൈനർ സെമിനാരി നിർമ്മാണത്തിലേക്ക് നാം ആദ്യം തന്നെ ശ്രദ്ധതിരിച്ചത്. എല്ലാവർക്കും അറിയാവുന്നതുപോലെ 2016 സെപ്തംബർ 5-ാം തിയതി വി.മദർതെരേസയുടെ തിരുന്നാൾ ദിവസം ലളിതമായ ചടങ്ങുകളോടെ 'മദർതെരേസ മൈനർ സെമിനാരി' യുടെ ശിലാസ്ഥാപനം നടത്തി. പണികൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. 2017 ജൂൺ മാസം ഇവിടെ പരിശീലനം ആരംഭിക്കുന്ന രീതിയിൽ മേയ് - 1ന് വെഞ്ചിരിപ്പ് നടത്താനാണ് ഉദ്ദേശിക്കുന്നത്.

മൂന്നു ബാച്ചുകളിലായി 50 വൈദികവിദ്യാർത്ഥികൾക്കും അവരുടെ പരിശീലകർക്കുമുള്ള സംവിധാനമാണ് ഈ സെമിനാരി കെട്ടിടത്തിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഇന്ത്യയ്ക്കകത്തും പുറത്തും പരിചയമുള്ള വ്യക്തികളെയും ഫണ്ടിംഗ് ഏജൻസികളെയും നാം ഇതിനകം സമീപിച്ചു കഴിഞ്ഞു. നമ്മുടെ രൂപതയുടെയോ വൈദികരുടേയോ നേരിട്ടുള്ള ഗുണഭോക്താക്കളല്ല ഇവരൊക്കെ. എങ്കിലും ഉദാരമനസ്കരായ അവരുടെ സംഭാവനകൾ കൊണ്ട് നിർമ്മാണം ആരംഭിക്കുകയായിരുന്നു. നിർമ്മാണം യഥാകാലം പൂർത്തിയാക്കി പരിശീലനത്തിന് തുറന്നുകൊടുക്കണമെങ്കിൽ ഒരു കോടിയോളം രൂപ ഇനിയും നാം കണ്ടെത്തേണ്ടിയിരിക്കുന്നു. വരും വർഷങ്ങളിൽ നമ്മുടെ ഇടവകകളിൽ വികാരിമാരായി നമ്മുടേയും നമ്മുടെ മക്കളുടേയും വരും തലമുറകളുടേയും ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്കു നേതൃത്വം നൽകേണ്ട വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിൽ നമ്മളും കൈകോർക്കേണ്ടതാണല്ലോ. സെമിനാരിയുടെ ഗുണഭോക്താക്കളായ നമ്മുടെ സഹകരണവും പ്രാർത്ഥനയും സംഭാവനകളും ഇത്തരുണത്തിൽ വിലപ്പെട്ടതാണ്. ഓരോ കുടുംബത്തിന്റെ വ്യത്യസ്തമായ ആവശ്യങ്ങളും ഇടവകകളുടെ പൊതുവായ ആവശ്യങ്ങളും മൂലം സാമ്പത്തികമായ ഞെരുക്കത്തിലൂടെയാണ് പല കുടുംബങ്ങളും കടന്നുപോകുന്നത് എന്ന യാഥാർത്ഥ്യവും ഞാൻ മനസിലാക്കുന്നു. എങ്കിലും മൈനർ സെമിനാരിയുടെ പ്രാധാന്യം ഉൾക്കൊണ്ടും ഇപ്പോഴത്തെ അടിയന്തിര ആവശ്യം പരിഗണിച്ചും ദൈവാത്മാവ് നിങ്ങളെ പ്രചോദിപ്പിക്കുന്നതനുസരിച്ചുള്ള ഒരു സംഭാവന മാർച്ച് 12-ാം തിയതിക്കകം നിങ്ങൾക്ക് നൽകുന്ന കവറുകളിലിട്ട് തിരിച്ചേൽപ്പിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയാണ്. പ്രഭാഷകൻ (17:22) പറയുന്നത് കേൾക്കുക "മനുഷ്യന്റെ ദാനധർമ്മത്തെ മുദ്രമോതിരത്തെ എന്നപോലെ കർത്താവ് വിലമതിക്കുന്നു. അവന്റെ കാരുണ്യത്തെ കണ്ണിലെ കൃഷ്ണമണിപോലെ അവിടുന്ന് കരുതുന്നു." നിങ്ങളുടെ സംഭാവനകളെ കർത്താവ് അതിയായി വിലമതിക്കുന്നു. കാരണം ആരും കാണാതെ തന്റെ ഉപജീവനത്തിനുള്ള വക മുഴുവനും ദേവാലയ ഭണ്ഡാരത്തിൽ നിക്ഷേപിച്ച സാധു വിധവയുടെ സമ്പന്നമായ മനസു കണ്ട് അവളെ അഭിനന്ദിച്ചവനാണ് കർത്താവ്. നിങ്ങളെയും കർത്താവ് അനുഗ്രഹിക്കട്ടെ.

നിങ്ങളുടെ ഉദാരമായ സംഭാവനകൾക്കും ആത്മാർത്ഥമായ സഹകരണത്തിനും കാരുണ്യവാനായ ദൈവം പ്രതിഫലം നല്കി അനുഗ്രഹിക്കട്ടെയെന്ന് ദൈവസന്നിധിയിൽ മുട്ടുമടക്കി പ്രാർത്ഥിക്കുന്ന നമ്മുടെ രൂപതയിലെ വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിൽ നമുക്ക് പങ്കാളികളാകാം.

"എന്റെ ദൈവം തന്റെ മഹത്വത്തിന്റെ സമ്പന്നതയിൽ നിന്ന് യേശുക്രിസ്തു വഴി നിങ്ങൾക്ക് ആവശ്യമുള്ളതെല്ലാം നൽകട്ടെ" എന്ന പ്രാർത്ഥനയോടെ (ഫിലി.4:19)

**മാർ ആന്റണി കരിയിൽ**
മണ്ഡ്യ രൂപതയുടെ ഇടയൻ

**ഈ ഇടയലേഖനം മാർച്ച് 5-ാം തിയതി ഞായറാഴ്ച ദിവ്യബലിമദ്ധ്യേ വായിക്കേണ്ടതാണ്.**